## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 605** **10.03.2015- ൽ മറുപടിക്ക്**

## "സംസ്ഥാനത്തെ ചെറുകിട വ്യവസായ വളർച്ച"

**ചോദ്യം**

**ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി**
**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**
**ശ്രീ. ടി.എൻ.പ്രതാപൻ**
**ശ്രീ. സണ്ണി ജോസഫ്**

**ഉത്തരം**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനം ചെറുകിട വ്യവസായ വളർച്ചയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 09.94% സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് ജോലി ചെയ്തു വരുന്നു. കൂടാതെ മൊത്തം ജനസംഖ്യയുടെ 04.32% സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നു. ഇത് മറ്റു സംസ്ഥാനങ്ങളേക്കാൾ വളരെ കൂടുതലാണ്. |
| ബി) | പ്രസ്തുത നേട്ടങ്ങൾ കരസ്ഥമാക്കാൻ ഈ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും നടപടികൾ കൈക്കൊള്ളുകയുണ്ടായി എന്ന് വിശദമാക്കാമോ; | ബി) | സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്), പ്രധാനമന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി (പി.എം.ഇ.ജി.പി) എന്നീ സ്കീമുകളുടെ ഫലപ്രദമായ നടത്തിപ്പ്, ബ്ലോക്ക്-താലൂക്ക്-ജില്ലാ തലങ്ങളിൽ നടത്താറുള്ള സംരംഭകത്വ ബോധവൽക്കരണ സെമിനാറുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, നിക്ഷേപ മേളകൾ എം.എസ്.എം.ഇ ഉൽപന്ന വിപണന മേളകൾ, മെഷീനറി |

| | | | |
|---|---|---|---|
| | | | എക്സിബിഷനുകൾ, സ്കിൽ ഡവലപ്മെന്റ് പരിശീലന പരിപാടികൾ, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി എന്നിവയിലൂടെയുള്ള ബോധവൽക്കരണ-സഹായ പദ്ധതികൾ സംരംഭകർക്ക് നൽകുന്ന ഹാൻഡ് ഹോൾഡിംഗ് സഹായം തുടങ്ങിയവ സംരംഭകർക്ക് പ്രോൽസാഹനം നൽകുന്നതിന് സഹായകമായിട്ടുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി, കേരള സിഡ്കോ, കിൻഫ്ര തുടങ്ങിയ ഏജൻസികൾ മുഖേനയും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| സി) | പ്രസ്തുത മേഖലയിൽ എന്തെല്ലാം ഊന്നലുകളാണ് ഈ സർക്കാർ നൽകിയത് എന്ന് വ്യക്തമാക്കാമോ; | സി) | സംരംഭകത്വ സഹായ പദ്ധതിയിൽ യുവസംരംഭകർ, വനിതാ സംരംഭകർ, പിന്നോക്കം നിൽക്കുന്ന ജില്ലകൾ, ഭക്ഷ്യ സംസ്കരണം, റബ്ബർ അധിഷ്ഠിത വ്യവസായം, റെഡിമെയ്ഡ് ഗാർമെന്റ്, പാരമ്പര്യേതര ഉർജ്ജ മേഖല, ബയോ ടെക്നോളജി, 100% കയറ്റുമതി നടത്തുന്ന യൂണിറ്റുകൾ, പ്ലാസ്റ്റിക്ക് വേസ്റ്റ് റീസൈക്ലിംഗ്, ബയോ ഫെർട്ടിലൈസർ തുടങ്ങിയ വ്യവസായ മേഖലൾക്കും മുൻഗണന നൽകുന്നു. |
| ഡി) | എത്ര ശതമാനം വളർച്ചാനിരക്കാണ് പ്രസ്തുത മേഖലയിൽ കൈവരിച്ചത് എന്ന് വ്യക്തമാക്കാമോ? | | വളർച്ചാ നിരക്കിന്റെ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ